പിലിക്കോട് ഗ്രാമപഞ്ചായത്ത്
കാസറഗോഡ്

# "കവചം"

## ഹീറ്റ് ആക്ഷൻ പ്ലാൻ

"തണലും തണ്ണീരും:
ചൂടിനെ പ്രതിരോധിക്കൂ"



പിലിക്കോട് ഗ്രാമ പഞ്ചായത്ത്
കാസറഗോഡ്

# “കവചം”

## ഹീറ്റ് ആക്ഷൻ പ്ലാൻ

## “തണലും തണ്ണീരും: ചൂടിനെ പ്രതിരോധിക്കൂ”

## ആമുഖം

കാലാവസ്ഥ വ്യതിയാനത്തിൻറെ ഭാഗമായി ആഗോള തലത്തിൽ തന്നെ ചൂട് വർദ്ധിക്കുകയും അതിതീവ്രച്ചൂടിൻറെ വ്യത്യസ്ത അനുഭവങ്ങൾ നാം നേരിടുകയും ചെയ്യുന്നു. സമീപ ഭാവിയിൽ ചൂട് ഇനിയും വർദ്ധിക്കാൻ തന്നെയാണ് സാധ്യത എന്ന് കാലാവസ്ഥ ശാസ്ത്രജ്ഞരെല്ലാം ഒരേ സ്വരത്തിൽ അഭിപ്രായപ്പെടുകയും വിവിധ കാലാവസ്ഥാ വ്യതിയാന പ്രൊജക്ഷനുക ളിൽ കേരളത്തിലെ താപനില വർദ്ധനവ് പ്രവചിക്കപ്പെടുകയും ചെയ്ത ഗൗരവമായ സാഹചര്യമാണുള്ളത്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഉഷ്ണതരംഗത്തെയും അത് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളേയും സംസ്ഥാനത്തിന്റെ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി പ്രവർത്തന ങ്ങൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചതും.

മരങ്ങൾ തിങ്ങിനിറഞ്ഞ നിരവധി കാവുകൾ നിലനിൽക്കുന്ന പ്രദേശമാണ് പിലിക്കോട്. കാരക്കക്കാവ്, മാപ്പിട്ടച്ചേരിക്കാവ്, മഞ്ഞത്തൂർക്കാവ്, ഓരിക്കാവ്, ശ്ശുലാപ്പ്കാവ് തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. ഇവ കൂടാതെ നിരവധിയായ നാഗകാവുകളും ഇവിടെയുണ്ട്. എന്നാൽ ഇന്ന് കാവുകളുടെ വലുപ്പം കുറയുന്ന സാഹചര്യം പടിപടിയായി ഉണ്ടാവുകയാണ്. കുന്നുകളും ചെറുതോടുകളും കൊണ്ട് സമ്പന്നമായിരുന്ന ഈ നാട് ഇന്ന് പല കുന്നുകളുടെയും ചെറുതോടുകളുടെയും നാശത്തിന്റെയും തകർച്ചയുടെയും സാക്ഷ്യം ആയി മാറുന്നു. നമ്മുടെ പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന നാഷണൽ ഹൈവേയുടെ നിർമ്മാണം ഇവിടെ ഉണ്ടായിരുന്ന പാരിസ്ഥിതിക സന്തുലിതാവസ്ഥയെ ഗൗരവമായി ബാധിച്ചു. ഉപേക്ഷിക്കപ്പെട്ട നിരവധിയായ ചെങ്കൽ ക്വാറികൾ ഉള്ള പ്രദേശമാണ് പിലിക്കോട് പഞ്ചായത്തിന്റെ കിഴക്കൻ മേഖല. നമ്മുടെ പഞ്ചായത്ത് പ്രദേശത്തെ കിണറുകളിലെയും കുളങ്ങളിലെയും തോടുകളിലെയും ജലവിതാനം കുറഞ്ഞുവരുന്ന ഒരു പ്രവണതയാണ് അടുത്തകാലത്തായി ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

അന്തരീക്ഷോഷ്മാവ് ക്രമാതീതമായി വർധിക്കുമ്പോൾ ചൂടിനെ ഏതെല്ലാം വിധത്തിൽ പ്രതിരോധിക്കാൻ സാധിക്കും എന്നത് പ്രധാന വെല്ലുവിളിയായി മാറുകയാണ്. ഉഷ്ണമേഖലാ പ്രദേശമായ കേരളത്തിൽ കഴിഞ്ഞ വേനലിലെ കൂടിയ ചൂട് 40 ഡിഗ്രി കടന്നിരുന്നു. ചൂട് ക്രമാതീതമായി കൂടുന്നത് വിവിധങ്ങളായ ആരോഗ്യ-സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ജനങ്ങൾക്ക് ആരോഗ്യകരവും സമാധാനപ്രദവുമായ ജീവിതം ഉറപ്പ് വരുത്തുക എന്നത് പ്രാദേശിക ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. അതുകൊണ്ട് തന്നെ പിലിക്കോട് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന, ജോലി ചെയ്യുന്ന മുഴുവൻ പേരുടേയും ആരോഗ്യ സുരക്ഷിതത്വം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യമാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

1. പഞ്ചായത്ത് പരിധിയിലെ മുഴുവൻ ജീവജാലങ്ങളുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുക.
2. കടുത്ത ചൂട് ഉണ്ടാകുമ്പോൾ കൈക്കൊള്ളേണ്ട മുൻകരുതലുകളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.
3. ചൂട് കുറക്കാൻ കൈക്കൊള്ളേണ്ട വിവിധങ്ങളായ മാർഗങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക.
4. പ്രാദേശികമായി ചൂട് കുറച്ചു കൊണ്ടുവരാൻ ആവശ്യമായ വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങൾ വികസിച്ചു കൊണ്ടുവരിക.
5. പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക.
6. എല്ലാ ജീവജാലങ്ങൾക്കും ജലം ലഭ്യമാക്കുക.
7. ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കൂടുതൽ രൂക്ഷമായ വേനൽകാലങ്ങളെ നേരിടാൻ നാടിനെ സജ്ജമാക്കുക.

## പ്രശ്നങ്ങൾ

1. ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ള ക്ഷാമം, വരൾച്ച, തീപിടിത്തങ്ങൾ, പൊതു പരിപാടികളിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ തുടങ്ങിയ പലതും ദുരന്ത സാധ്യതകളായി ഉണ്ട്.
2. കൂടാതെ നിരവധി ആവശ്യങ്ങൾക്കായി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും വൻതോതിൽ മരങ്ങൾ മുറിച്ചു മാറ്റപ്പെട്ടിട്ടുണ്ട്. പുതിയ ഹൈവേ വികസനത്തിന്റെ ഭാഗമായി മുൻ ഹൈവേയുടെ സമീപത്ത് ഉണ്ടായിരുന്ന നിരവധി തണൽ മരങ്ങൾ മുറിച്ച് മാറ്റപ്പെട്ടു.
3. പുതിയ ഹൈവേയുടെ വികസനപ്രവർത്തനത്തിന്റെ ഭാഗമായി പിലിക്കോട് തോട്ടം, പടുവളം, കാലിക്കടവ് – എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന ബസ്സ് കാത്തിരുപ്പ് കേന്ദ്രങ്ങൾ പൊളിച്ചു മാറ്റപ്പെട്ടു. ഇത് നിലവിൽ ബസ് കാത്തുനിൽക്കുന്നവർക്ക് പ്രയാസം സൃഷ്ടിക്കുന്നു.
4. വിവിധ ആവശ്യങ്ങൾക്കായി നമ്മുടെ പ്രദേശത്തെ കുന്നുകൾ, മണ്ണ് എടുപ്പിന് വിധേയമായിട്ടുണ്ട്. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.
5. പഞ്ചായത്തിലെ കിഴക്കൻ ഭാഗങ്ങളിൽ വലിയ ചെങ്കൽപ്പണകൾ (ക്വാറികൾ) നിലനിന്നിരുന്നു. ഉപേക്ഷിക്കപ്പെട്ട ഈ ചെങ്കൽപ്പണകൾ തീരെ പച്ചപ്പ് ഇല്ലാത്ത തുറസായ പ്രദേശങ്ങളാണ്.
6. വലിയ മഴവെള്ള സംഭരണികൾ ആയ വയലുകൾ, ഇന്ന് അവയുടെ വലുപ്പക്കുറവ് മൂലം വെള്ളം കൂടുതലായി ഒഴുകിപ്പോകുന്നതും മറ്റും കൊണ്ട് സംഭരണശേഷി കുറഞ്ഞുവരുന്ന അവസ്ഥയിലാണ്.
7. ജലസ്രോതസ്സുകൾ മലിനമാക്കപ്പെടുകയും ജലവിതാനം കുറഞ്ഞുവരികയും ചെയ്യുന്നു.
8. പക്ഷി–മൃഗാദികൾക്ക് വെള്ളം ലഭിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.

## പരിഹാര മാർഗ്ഗങ്ങൾ

1. ചൂട് കൂടുമ്പോൾ അതിനെ നേരിടാൻ ജനങ്ങളെ പ്രാപ്തമാക്കാൻ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ.
2. ഇതോടൊപ്പം തന്നെ ചൂട് നേരിടാൻ ആവശ്യമായ അടിയന്തിര സൗകര്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുക്കൽ.
3. ചൂട് പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളെയും എല്ലാ വിഭാഗം ജനങ്ങളുടെയും ഒരു പോലെയല്ല ബാധിക്കുന്നത്. അത്കൊണ്ട് തന്നെ ചൂട് കൂടുതൽ ബാധിക്കാനിടയുള്ള വിഭാഗങ്ങളെ പ്രത്യേകമായി കണ്ടെത്തുകയും (മുതിർന്ന പൗരന്മാർ, കുട്ടികൾ, നിർമാണത്തൊഴിലാളികൾ, കർഷകർ, ദീർഘകാല രോഗികൾ) അവരുടെ ദുർബലത കുറക്കാൻ സവിശേഷമായ ഇടപെടലുകൾ നടത്തൽ.
4. ചൂട് കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ചൂട് കുറച്ചു വരുന്നതിനുള്ള സവിശേഷമായ ഇടപെടലുകൾ.
5. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലവിതാനം ഉയർത്തുന്നതിനും ഉള്ള നടപടികൾ.
6. എല്ലാ ജീവജാലങ്ങൾക്കും ജലം ലഭ്യമാക്കൽ.
7. ചൂട് നേരിടാൻ ആവശ്യമായ ഹ്രസ്വകാല, ദീർഘകാല പ്രവർത്തനങ്ങൾ പഞ്ചായത്തിനകത്ത് രൂപപ്പെടുത്തൽ.
8. സോളാർ വൈദ്യുതിയുടെ ഉപയോഗം വർധിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- ഹ്രസ്വകാല പദ്ധതികൾ
- ദീർഘകാല പദ്ധതികൾ

### ഹ്രസ്വകാല പ്രവർത്തനങ്ങൾ:

നടത്തിപ്പ് സീസണിലും തൊട്ടടുത്ത സീസണുകളിലും ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ ആണ് ഹ്രസ്വകാല പദ്ധതി പ്രവർത്തനങ്ങൾ. ദുരന്ത

നിവാരണ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ ഹ്രസ്വകാല പദ്ധതികളുടെ ഭാഗമാക്കേണ്ടവയാണ്.

## A. പ്രചാരണം

1. ബോധവൽക്കരണവുമായി ബന്ധപ്പെട്ട ബോർഡുകൾ, സ്റ്റിക്കറുകൾ എന്നിവ പൊതുഇടങ്ങൾ, സ്കൂളുകൾ, അങ്കൺവാടികൾ ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിക്കണം.
2. വായനശാലകളിലും ഗ്രന്ഥാലയങ്ങളിലും ക്ലബ്ബുകളിലും ബോർഡുകൾ സ്ഥാപിക്കണം.
3. സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തണം.
4. സൂര്യതാപം, സൂര്യാഘാതം സംബന്ധിച്ച ബ്രോഷറുകൾ നോട്ടീസുകൾ എന്നിവ വിതരണം ചെയ്യൽ.
5. ബോധവൽക്കരണത്തിനായി പ്രത്യേക ഗ്രാമസഭകൾ ചേരണം.
6. ക്ഷേത്രങ്ങൾ, പള്ളികൾ, ഓഡിറ്റോറിയങ്ങൾ ഇവ പ്രചാരണത്തിന്റെ കേന്ദ്രങ്ങളായി മാറ്റണം.
7. മാർച്ച് 31 നകം എല്ലാ വിദ്യാലയങ്ങളിലും (വൈകുന്നേരം മാത്രം) അസംബ്ലി ചേർന്ന് പ്രചരണം നടത്തണം. അസംബ്ലികളിൽ നോട്ടീസ് / ബ്രോഷർ വിതരണം ചെയ്യണം.

## B. ബോധവൽക്കരണ പ്രവർത്തനങ്ങൾ

1. ബോധവൽക്കരണത്തിന് ആയി ആരോഗ്യ പ്രവർത്തകർ, റിസോഴ്സ്പേഴ്സൺമാർ, റാപിഡ് റസ്പോൺസ് ടീം (RRT) എന്നിവർക്ക് പ്രത്യേകമായ പരിശീലനം നൽകണം.
2. സ്കൂളുകളിൽ പ്രത്യേക അസംബ്ലികൾ ചേർന്ന് കുട്ടികളേയും കുട്ടികൾ മുഖാന്തിരം അവരുടെ വീട്ടുകളിലും ബോധവൽക്കരണ ആശയങ്ങൾ എത്തിക്കണം.

3. കുടുംബശ്രീ, പുരുഷ സ്വയം സഹായ സംഘം, വായനശാലകൾ ഗ്രന്ഥാലയങ്ങൾ, തൊഴിലുറപ്പുതൊഴിലാളികൾ, ഓട്ടോ–ടാക്സി തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ ബോധവക്കരണ പ്രവർത്തനം നടത്താൻ സാധിക്കണം.
4. ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഭാഗമായി ബ്രോഷർ/നോട്ടീസ് വിതരണം ചെയ്യണം.
5. ബോധവൽക്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന കാര്യങ്ങൾക്ക് ഊന്നൽ നൽകണം.
    i. വേനൽ കാലത്ത് ചൂടിന് കാഠിന്യം കൂടുമ്പോൾ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുക. ഓരോ ദിവസവും നിശ്ചിത അളവിൽ വെള്ളം കുടിക്കേണ്ടതിന്റെ ആവശ്യകത ആളുകളെ ബോധ്യപ്പെടുത്തൽ.
    ii. തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക.
    iii. ഉപ്പിട്ട കഞ്ഞി വെള്ളം, നാരങ്ങ വെള്ളം, കരിക്കിൻ വെള്ളം തുടങ്ങിയവ ധാരാളമായി കുടിക്കുക. നിർജ്ജലീകരണം ഉണ്ടാക്കുന്ന മദ്യം, ചായ, കാപ്പി, കോള തുടങ്ങിയ പാനീയങ്ങൾ ഒഴിവാക്കണം.
    iv. വെള്ളം ധാരാളമായി അടങ്ങിയ പഴങ്ങളും പച്ചക്കറികളും ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്തുക. കഴിക്കുന്നതിന് മുമ്പ് അവ നന്നായി കഴുകണം.
    v. നോമ്പ് അനുഷ്ഠിക്കുന്നവർ വ്രതത്തിന് മുമ്പും ശേഷവും ധാരാളം വെള്ളം കുടിക്കുകയും ആരോഗ്യകരമായ നിയന്ത്രണം പിന്തുടരുകയും വേണം.
    vi. പകൽ ജോലി ചെയ്യേണ്ടി വരുന്ന അവസരങ്ങളിൽ ഉച്ചക്ക് 11 മുതൽ 3 മണി വരെയുള്ള സമയം വിശ്രമവേളയായി പരിഗണിച്ച് ജോലി സമയം ക്രമീകരിക്കുക.

vii. കുട്ടികളെ പകൽ 11 മുതൽ 3 മണി വരെയുള്ള സമയം കളിക്കാൻ അനുവദിക്കാതിരിക്കുക.

viii. കാറ്റ് അകത്തേക്ക് കടന്ന്, ചൂട് പുറത്തുപോകത്തക്ക രീതിയിൽ വീടിന്റെ ജനലും വാതിലുകളും തുറന്നിടണം.

ix. കട്ടി കുറഞ്ഞതും വെളുത്തതോ ഇളം നിറത്തിലുള്ളതോ ആയതുമായ കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

x. വെയിലത്ത് പാർക്ക് ചെയ്യുന്ന കാറിലും മറ്റും കുട്ടികളെ ഇരുത്തി പോകാതിരിക്കുക.

xi. വെയിലത്തും തുറസ്സായ സ്ഥലങ്ങളിലും പണിയെടുക്കുന്നവർക്ക് അപകട സാധ്യത കൂടുതലായതിനാൽ പ്രത്യേകം ശ്രദ്ധിക്കണം. വെയിലത്ത് പണിയെടുക്കുമ്പോൾ വെളുത്ത തുണി ഉപയോഗിച്ച് തല മൂടുന്നത് നന്നായിരിക്കും.

xii. സൂര്യപ്രകാശം നേരിട്ട് അടിക്കുന്ന ജനാലകളിൽ കട്ടിയുള്ള കർട്ടനുകൾ ഉപയോഗിക്കുക.

xiii. വീടിനു ചുറ്റും ചെടികൾ വെച്ചു പിടിപ്പിക്കുകയും മുറ്റം നനച്ചിടുകയും ചെയ്യുന്നത് ചൂട് കുറയ്ക്കാൻ സഹായിക്കും.

6. സൂര്യാഘാതമോ ചൂട് കാരണമുള്ള മറ്റ് ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടായാൽ ചെയ്യേണ്ട പ്രാഥമിക കാര്യങ്ങൾ

- വെയിലുള്ള സ്ഥലത്തു നിന്ന് തണുപ്പുള്ള സ്ഥലത്തേക്ക് മാറി വിശ്രമിക്കുക.
- ധരിച്ച കട്ടി കൂടിയ വസ്ത്രങ്ങൾ നീക്കം ചെയ്യുക.
- തണുത്ത വെള്ളം കൊണ്ട് ശരീരം തുടക്കുക. ഫാൻ/എ.സി എന്നവയുടെ സഹായത്തോടെ ശരീരം തണുപ്പിക്കുക.

- ധാരാളം പാനീയങ്ങൾ കുടിക്കുക. ശരീരത്തിൽ നിന്ന് ധാരാളം ജലവും ലവണങ്ങളും നഷ്ടപ്പെടാതിരിക്കാൻ പഴവർഗ്ഗങ്ങളും സലാഡുകളും കഴിക്കുക.
- ആരോഗ്യ സ്ഥിതി മെച്ചപ്പെടാതിരിക്കുകയൊ ബോധക്ഷയം ഉണ്ടാവുകയോ ചെയ്താൽ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ച് ചികിത്സ ഉറപ്പ് വരുത്തുക.

**C. പരിശോധനാ സംവിധാനം**

കിടപ്പ് രോഗികൾ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങി പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ ആരോഗ്യനില കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്ന സംവിധാനം രൂപപ്പെടുത്തൽ. പഞ്ചായത്തിലെ പാലിയേറ്റിവ് പരിചരണ വിഭാഗവുമായി ബന്ധപ്പെട്ട് ഇതിനുള്ള സംവിധാനം ഒരുക്കണം.

**D. തണ്ണീർപന്തൽ**

1. പഞ്ചായത്തിൽ സാധ്യമായ സ്ഥലങ്ങളിൽ തണ്ണീർ പന്തൽ (ഓലമേഞ്ഞ) സ്ഥാപിക്കുക. ഇവിടങ്ങളിൽ ശുദ്ധമായ കുടിവെള്ളം / സംഭാരം വിതരണം ചെയ്യുന്ന സംവിധാനം ഒരുക്കൽ.
2. തണ്ണീർ പന്തലുകളിൽ ആളുകൾക്ക് തണലും വായുസഞ്ചാരവും ഉറപ്പാക്കാൻ സാധിക്കണം.
3. ഹോട്ടൽ ഉടമകൾ, വ്യാപാരികൾ, സാമൂഹ്യ- സാംസ്കാരിക യുവജന സംഘടനകൾ എന്നിവരുമായി സഹകരിച്ച് എല്ലായിടങ്ങളിലും ശുദ്ധമായ കുടിവെള്ള വിതരണ സംവിധാനം ഉറപ്പുവരുത്തണം.
4. കുടുംബശ്രീ മുഖാന്തിരം ഉൽപാദിപ്പിക്കുന്ന നാടൻ തണ്ണിമത്തൻ വിതരണം ചെയ്യാൻ സംവിധാനം ഒരുക്കൽ.

5. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ജനകീയ പിന്തുണയോടുകൂടി പക്ഷികൾക്ക് കുടിവെള്ള സൗകര്യമൊരുക്കൽ, കൂടാതെ വിദ്യാർത്ഥികൾ മുഖാന്തിരം വീടുകൾ കേന്ദ്രീകരിച്ചും തണ്ണീർകുടങ്ങൾ ഒരുക്കൽ.

E. **മുന്നറിയിപ്പ് സംവിധാനം**

കാലാവസ്ഥ വകുപ്പ്, ദുരന്ത നിവാരണ അതോറിറ്റികൾ, RARS പിലിക്കോട് എന്നിവർ പുറപ്പെടുവിക്കുന്ന താപനില പ്രവചനങ്ങൾ കൃത്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഭരണ – ഉദ്യോഗസ്ഥ നേതൃത്വം, ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങളിലേക്ക് എത്തുന്നു എന്ന് ഉറപ്പു വരുത്തണം. ഇതിനായി പ്രാദേശിക സംവിധാനം ഒരുക്കണം. വാട്സാപ്പ് ഗ്രൂപ്പുകൾ, അനൗൺസ്മെന്റ് സൗകര്യങ്ങൾ, നോട്ടിസ് ബോർഡുകൾ എന്നിങ്ങനെ ഔദ്യോഗിക മുന്നറിയിപ്പുകൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശികമായി ഉപയോഗപ്പെടുത്താവുന്നതാണ്.

ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു നോഡൽ ഓഫീസറെ ചുമതപ്പെടുത്തണം. ഈ വ്യക്തിക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രത്യേക പരിശീലനം ലഭ്യമാക്കണം. പഞ്ചായത്ത് തല നോഡൽ ഓഫീസർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെടാൻ സൗകര്യം ഒരുക്കണം.

F. **താൽക്കാലിക പന്തലുകൾ (ഓലമേഞ്ഞ)**

ബസ്സ് കാത്തിരിപ്പുകേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ താൽക്കാലിക പന്തലുകൾ തയാറാക്കൽ.

G. **കൂൾ റൂഫുകൾ**

കൂൾ റൂഫുകൾ സ്ഥാപിക്കുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും സ്വീകരിക്കാവുന്ന മാതൃകകൾ ജനങ്ങളെ പരിചയപ്പെടുത്തുന്ന ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ചെയുക.

H. പഞ്ചായത്ത് മാർഗനിർദ്ദേശപ്രകാരം ചൂട് കുറക്കുന്ന നിർമ്മാണ മാതൃകകൾ സ്വീകരിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രോത്സാഹനം നൽകുക. മികച്ച മാതൃകകൾക്ക് അവാർഡുകൾ നൽകൽ ഉൾപ്പെടെ.

I. ആശുപതികളിലും മറ്റ് ആരോഗ്യ കേന്ദ്രങ്ങളിലും കുടിവെള്ള സൗകര്യം ഒരുക്കണം.

J. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള കൽപ്പണകളിൽ(ക്വാറികൾ) സാധ്യമായവ ജലസംഭരണികൾ ആയി മാറ്റാൻ ഉള്ള സാധ്യതകൾ പ്രയോജനപ്പെടുക്കണം.

K. പക്ഷി – മൃഗാദികൾക്ക് കുടി ജലം ലഭ്യമാക്കുന്ന സംവിധാനം ഒരുക്കുക.

L. ആരോഗ്യ കേന്ദ്രങ്ങളിൽ ഹീറ്റ് ക്ലിനിക്കുകളുടെ പ്രവർത്തനം ഉറപ്പു വരുത്തുക.

M. ആശാവർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ ഒരു സർവെയ് ലൻസ് ടീമിനെ ഉണ്ടാക്കുകയും ചൂട് കൂടുതൽ ബാധിക്കാൻ ഇടയുള്ള വിഭാഗങ്ങളെ കേന്ദ്രീകരിച്ച് കൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക. വിശേഷിച്ച് കിടപ്പുരോഗികൾ, മാനസികാരോഗ്യ പ്രശ്നമുള്ളവർ, തുടങ്ങിയവരുടെ ശരീരത്തിലെ ഇലക്ട്രോലൈറ്റ് ബാലൻസ് പോലുള്ളവ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും അവക്കനുസരണമായി വേണ്ട പരിചരണം നൽകുക തുടങ്ങിയ ഇടപെടൽ.

N. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സൂര്യാഘാതത്തിനുള്ള പ്രഥമ ശുശ്രൂഷ നൽകാൻ ആവശ്യമായ പ്രത്യേക ക്ലിനിക്ക് സൗകര്യങ്ങൾ ഒരുക്കുക. മുഴുവൻ ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകമായ പരിശീലനം നൽകൽ.

O. തീപിടിത്ത സാധ്യത ഉള്ള ഇടങ്ങൾ (മട്ടലായി, വലിയപറമ്പ് കുന്ന്, കുളിയൻ പാറ) കണ്ടെത്തി ആവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിക്കൽ.

P. ചൂട് മാസങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കൽ. അതിൽ ജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തൽ.

Q. പഞ്ചായത്ത് പരിധിയിലെ ജല സംഭരണികൾ ശുചീകരിക്കണം. ഉദാ;- ചക്കമുക്ക്, ഓലാട്ട്. വേനൽ മഴയിൽ ലഭിക്കുന്ന പരമാവധി ജലം സംരക്ഷിക്കാനുള്ള നടപടികൾ മുൻകൂറായി സ്വീകരിക്കൽ.

R. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ സാധ്യമായവ നവീകരിച്ച് കൊണ്ട് മോഡൽ ജലസംഭരണികളായി മാറ്റാൻ സാധിക്കണം.

S. കുളങ്ങൾ, തോടുകൾ തുടങ്ങിയവ വൃത്തിയായി സൂക്ഷിക്കുക. മൃഗങ്ങൾക്ക് കൂടി ജല ലഭ്യത ഉറപ്പ് വരുത്തുക.

T. ഓട്ടോ - ടാക്സി ഡ്രൈവർക്ക് അവരുടെ സ്റ്റാന്റുകളിൽ വിശ്രമ സൗകര്യങ്ങൾ ഒരുക്കാൻ സാധിക്കണം. ചൂട് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് അവർക്കിടയിൽ ബോധവൽക്കരണം നടത്തണം.

U. തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ സമയം പുനഃക്രമികരിക്കണം. അവരുടെ തൊഴിൽ സ്ഥലങ്ങളിൽ താൽക്കാലിക വിശ്രമ സൗകര്യങ്ങളും കുടിവെള്ളവും ORS ഉം ഉറപ്പ് വരുത്തേണ്ടതുണ്ട്.

V. കാസർകോട് ജില്ലയിലേക്കുള്ള പ്രവേശനകവാടമായ കാലിക്കടവ് ടൗൺ ഹരിതാഭമാക്കൽ. ഗ്രൗണ്ടിന് തടസ്സമില്ലാതെ ഗ്രൗണ്ടിന് ചുറ്റും, ടൗൺ പരിസരങ്ങളിലും മരം (മാവ്, പ്ലാവ്, പുളി, ഞാവൽ, നെല്ലി) വെച്ച്

പിടിപ്പിക്കൽ, കളിമൺ ഇന്റർലോക്ക് വിരിക്കൽ, പൂന്തോട്ട നിർമാണം, ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ, പ്ലാസ്റ്റിക് മുക്ത കേന്ദ്രം തുടങ്ങിയവ.

W. ഊർജ്ജ സംരക്ഷണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുക. സോളാർ വൈദ്യുതിയുടെ ഉപയോഗം ഗണ്യമായി വർധിപ്പിക്കാൻ സാധിക്കണം. സ്ട്രീറ്റ് ലൈറ്റുകൾ പൂർണമായും സോളാറിലേക്ക് മാറ്റൽ ഉൾപ്പെടെ.

**ദീർഘകാല പദ്ധതികൾ**

ഹ്രസ്വകാല പദ്ധതികൾ വഴി താൽക്കാലിക പരിഹാരം കാണാൻ ശ്രമിക്കുന്ന പ്രശ്നങ്ങളുടെ ശാശ്വത പരിഹാരം സാധ്യമാക്കുന്ന രീതിയിലുള്ളവയാണ് ദീർഘകാല പദ്ധതികൾ. അടുത്ത 10 വർഷം മുതൽ 15 വർഷം കൊണ്ട് വരുത്തേണ്ട സമഗ്രമായ മാറ്റങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ ആണ് വിഭാവനം ചെയ്യുന്നത്.

1. ഹരിത ഇടങ്ങൾ ചൂടിന്റെ പ്രഭാവം കുറയ്ക്കുന്നതിന് തണുപ്പ് മെച്ചപ്പെടുത്തുന്നതിനും ഹരിത ഇടങ്ങൾ ( ഉദാ:- പാർക്കുകൾ, മരത്തണലുകൾ) ദീർഘകാല അടിസ്ഥാനത്തിൽ വികസിപ്പിക്കൽ.
2. പുതിയ കെട്ടിടങ്ങളിലും നവീകരണങ്ങളിലും ( ഉദാ :- പച്ച മേൽക്കൂരകൾ, പ്രതിഫലിപ്പിക്കുന്ന വസ്തുക്കൾ) നിഷ്ക്രിയ കൂളിങ്ങ് ഡിസൈനുകളും ഊർജജ - കാര്യക്ഷമമായ മനദണ്ഡങ്ങളും സമന്വയിപ്പിക്കുക. പഞ്ചായത്തിൻറെ നേതൃത്വത്തിൽ ഇത്തരം നിർമ്മാണ പ്രക്രിയകൾ, അതാത് പ്രദേശങ്ങളിലെ തൊഴിലാളികൾക്കും കോൺട്രാക്ടർക്കും ശില്പശാലകൾ നടത്തണം.
3. പഞ്ചായത്തിലെ ജലവിതാനം ഉയർത്തുന്നതിനായി മുഴുവൻ കിണറുകളിലും മഴവെള്ളം ചാർജ് ചെയ്യുന്ന സംവിധാനം ഒരുക്കൽ.
4. പഞ്ചായത്തിലെ 45 പൊതുകുളങ്ങളുടെയും 40 പൊതു കിണറുകളുടെയും സംരക്ഷണം ഉറപ്പുവരുത്തൽ. 24.5 കി. മി നീളമുള്ള പഞ്ചായത്തിലെ

തോട്ടുകളുടെ ആഴം വർധിപ്പിക്കുകയും സാധ്യമായ സ്ഥലങ്ങളിൽ വീതി കൂട്ടുകയും ചെയ്തുകൊണ്ട് ജലസംഭരണ ശേഷി വർധിപ്പിക്കുക.

5. സോളാർ വൈദ്യുതിയുടെ ഉപയോഗം വർധിപ്പിക്കൽ. പഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളും സോളാർ വൈദ്യുതിയിലേക്ക് മാറ്റൽ. പഞ്ചായത്തിലെ പൊതു ശ്മശാനങ്ങൾ സോളാർ വൈദ്യുതി ഉപയോഗിച്ചുള്ള ശ്മശാനങ്ങൾ സ്ഥാപിക്കുക.
6. ചൂട് രൂക്ഷമാകുന്ന വരൾച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കാര്യക്ഷമമായ ജല ഉപയോഗത്തിനുള്ള ജലനയം പഞ്ചായത്തിൽ ആവിഷ്ക്കരിക്കണം.
7. ഊർജ്ജ – കാര്യക്ഷമമായ കൂളിംഗ് സിസ്റ്റങ്ങളുടെ (സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഏയർകണ്ടീഷനിങ്ങ്, നിഷ്ക്രിയ കൂളിങ്ങ് ടെക്നിക്കുകൾ) ഉപയോഗം പ്രോത്സാഹിപ്പിക്കുക.
8. ചൂട് കുറക്കാൻ പൊതുസ്ഥലങ്ങളിൽ ചൂട് പ്രതിഫലിപ്പിക്കുന്ന പ്രതലങ്ങൾ ( Heat Refective Surface) പൊതുയിടങ്ങളിൽ നിരത്തുകളിൽ മാറ്റി നിർമ്മിക്കൽ.
9. വീടുകൾക്ക് ചുറ്റും പച്ചപ്പ് ഒരുക്കാൻ സാധിക്കണം.
10. സാധ്യമായ സ്ഥലങ്ങളിൽ മാവ് , പ്ലാവ് പുളി, ഞാവൽ തുടങ്ങിയ ഫലവൃക്ഷങ്ങളുടെ വ്യാപനം. ഇവ വരുമാനദായകവും, ഭക്ഷ്യസുരക്ഷയുടെ ഭാഗവുമാണ്.
11. മട്ടുപ്പാവിലെ കൃഷി പ്രോത്സാഹിപ്പിക്കുക വഴി കെട്ടിടങ്ങളുടെ ഉള്ളിലേക്ക് ചൂട് കടക്കുന്നത് കുറക്കാൻ സാധിക്കും. എന്നാൽ അവ കൊതുകുകളേയും മറ്റ് പ്രാണികളേയും ആകർഷിക്കാത്ത തരം ചെടികൾ ആകാൻ ശ്രദ്ധിക്കണം.
12. കുടിവെള്ളക്ഷാമം, കാർഷിക ആവശ്യത്തിനുള്ള വെള്ളത്തിന്റെ ക്ഷാമം എന്നിവയ്ക്കുള്ള ശാശ്വത പരിഹാരം ഏറ്റവും മുൻഗണനയായി കണ്ടുകൊണ്ടുള്ള പദ്ധതികൾ ആവിഷ്ക്കരിക്കൽ.
13. ചൂട് കുറക്കാൻ ചൂടിനെ റിഫ്ലക്ട് ചെയ്യുന്ന വെളുത്ത പെയിന്റ് ഓഫീസുകളുടേയും സ്കൂളുകളുടെയും ടെറസ്സിൽ അടിക്കുന്ന രീതി ആവിഷ്ക്കരിക്കണം.

14. ഭാവിയിൽ പഞ്ചായത്തിൻറെ വികസന രേഖകൾ, മാസ്റ്റർ പ്ലാൻ, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയിലെല്ലാം ചൂടിനെ അതിജീവിക്കേണ്ടതിന്റെ ആവശ്യകതയും പൊതുവിൽ ചൂട് കൂടുകയാണ് എന്ന പരിപ്രേക്ഷ്യവും ഉൾപ്പെടുത്തൽ.

## ഗുണഭോക്താക്കൾ

പിലിക്കോട് ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന മുഴുവൻ ആളുകളും കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന മുഴുവൻ ആളുകളും. ഈ പ്രദേശത്തെ മുഴുവൻ പക്ഷി മൃഗാദികളും ഇതിൽ ഉൾപ്പെടുന്നു.

## സാമ്പത്തിക വിശകലനം

| | ഹ്രസ്വ കാലപദ്ധതികൾ | |
|---|---|---|
| ക്രമ നമ്പർ | ഇനം | തുക |
| 1 | പ്രചരണം– നോട്ടീസ്, ബ്രോഷർ ഇവ തയാറാക്കൽ(10000) | 40,000 |
| 2 | പ്രചാരണ ബോർഡുകൾ, സ്റ്റിക്കറുകൾ ഇവ തയാറാക്കൽ | 40,000 |
| 3 | പരിശീലനവും ബോധവൽക്കരണ പ്രോഗ്രാമുകളും (ആരോഗ്യ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, 50 പേർ അടങ്ങുന്ന R R T,R P ടീം ഉൾപ്പെടെ) | 40,000 |
| 4 | തണ്ണീർ പന്തൽ – നിർമ്മാണം, 4എണ്ണം | 1,20,000 |
| 5 | കുടിവെള്ള വിതരണം. | 1,00,000 |
| 6 | കുടിവെള്ള കിയോസ്ക്കുകൾ. | 2,00,000 |
| 7 | ആവശ്യമുള്ള സ്ഥലങ്ങളിൽ താൽക്കാലിക പന്തൽ | 1,00,000 |

| | | |
|---|---|---|
| | നിർമ്മാണം | |
| 8 | സ്പെഷൽ ഗ്രാമസഭ | 27,000 |
| 9 | മോഡൽ കൂൾ റൂഫ്, ( പഞ്ചായത്ത്ഓഫീസിൽ ) | 2,00,000 |
| 11 | ഹീറ്റ് ക്ലിനിക് | 60,000 |
| 12 | തൊഴിലാളികൾകൾക്ക് (തൊഴിലുറപ്പ് , ഓട്ടോ-തൊഴിലാളികൾ) താൽക്കാലിക വിശ്രമകേന്ദ്ര നിർമാണം. | 50,000 |
| 13 | കിണർ റീചാർജ്, MGNREGയുമായി സഹകരിച്ചു കൊണ്ട് | 10,00,000 |
| 14 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വൃക്ഷതൈ വെച്ച് പിടിപ്പിക്കൽ | 1,00,000 |
| 14 | കുളം, തോട് - ശുചിയാക്കൽ | 1,00,000 |
| 15 | കാലിക്കടവ് ടൗൺ ഹരിതാഭമാക്കൽ | 10,00,000 |
| | **ആകെ** | **31,77,000** |
| | | |
| | **ദീർഘകാല പദ്ധതികൾ** | |
| 1 | പൊതു ഇടങ്ങളിൽ മരം വെച്ച് പിടിപ്പിക്കലും സംരക്ഷണവും | 3,00,000 |
| 2 | തെരഞ്ഞെടുത്ത പൊതു സ്ഥലങ്ങളിൽ പച്ചത്തുരുത്ത് നിർമ്മാണം | 10,00,000 |
| 3 | മട്ടുപ്പാവിൽ കൃഷി പ്രോത്സാഹനം (പരിശീലനം, തൈകൾ, കവർ ഇവ ലഭ്യമാക്കൽ) | 3,00,000 |
| 4 | സ്കൂളുകൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽകൂൾ റൂഫ് നിർമ്മാണം | 15,00,000 |
| 5 | ജല സംഭരണികൾ - നിലവിലുള്ളവ ഉപയോഗ | 20,00,000 |

| | | |
|---|---|---|
| | ക്ഷമമാക്കൽ, പുതിയ സംഭരണികളുടെ നിർമ്മാണം | |
| 6 | ഉപേക്ഷിക്കപ്പെട്ട ക്വാറികൾ ജല സംഭരണി കളായി മാറ്റൽ | 20,00,000 |
| 7 | കുളം, തോട് –ഇവ ശുചിയാക്കലും സംരക്ഷ ണവും | 10,00,000 |
| 8 | പച്ച മേൽക്കൂരകളുടെ നിർമാണം | 10,00,000 |
| 9 | ചൂട് പ്രതിഫലിപ്പിക്കുന്ന പ്രതലങ്ങളുടെ നിർമാണം | 15,00,000 |
| 10 | മുഴുവൻ തെരുവ് വിളക്കുകളും സോളാറി ലേക്കു മാറ്റൽ | 3,60,00,000 |
| 11 | സോളാർ വൈദ്യുത ശ് മ്ശാനം | 1,00,00,000 |
| | **ആകെ** | **5,56,00,000** |
| | **ആകെ മൊത്തം (ഹ്രസ്വ കാലപദ്ധതികൾ + ദീർഘകാല പദ്ധതികൾ)** | **5,83,77,000** |

**നേട്ടങ്ങൾ**

ഈ പദ്ധതി നടപ്പിലാക്കുകവഴി ഇതിന്റെ ഗുണഭോക്താക്കളിൽ വലിയ ചൂടിനെ തരണം ചെയ്യാനുള്ള അറിവും,ആത്മവിശ്വാസവും വർധിപ്പിക്കാനും, അതുവഴി അപകടങ്ങൾ കുറക്കുന്നതിനും സാധിക്കും. പഞ്ചായത്തിന്റെ എല്ലായിടങ്ങളിലും പച്ചപ്പുകൾ (പ്രത്യേകിച്ച് ഫല വൃക്ഷങ്ങളുടെ വ്യാപനം) സാധ്യമാകുന്നു. ഇങ്ങനെ പച്ചപ്പുകളുടെ വ്യാപനത്തിന്റെ ഒരു മാതൃക വികസിപ്പിച്ചെടുക്കൽ സാധ്യമാവുകയും ചെയ്യും. സൗരോർജ്ജത്തിന്റെ വർധിച്ച ഉപയോഗം എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടും. വിവിധങ്ങളായ ഇടപെടലുകളിലൂടെ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുകയും പഞ്ചായത്തിൽ ജലവിതാനം ഉയരുകയും ചെയ്യും. ഇത് കുടിവെള്ളക്ഷാമം ഇല്ലാതാക്കുകയും കാർഷിക അഭിവൃദ്ധിക്ക് വഴിയൊരുക്കുകയും ചെയ്യും. ആരോഗ്യമേഖലയിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ ഇവയെല്ലാം സഹായകമാകും.

## മേൽനോട്ടസമിതി

പഞ്ചായത്ത് പ്രസിഡന്റ് : അദ്ധ്യക്ഷൻ

പഞ്ചായത്ത് സെക്രട്ടറി : കൺവീനർ

അംഗങ്ങൾ

1. സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻമാർ / ചെയർപേഴ്സൺമാർ,
2. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഒരു പ്രതിനിധി,
3. പൊതു സമൂഹത്തിന്റെ പ്രതിനിധി,
4. കുടുംബശ്രീ പ്രതിനിധി,
5. നോഡൽ ഓഫീസർ,
6. ഫയർ & റെസ്ക്യൂ, ജലസേചന,തൊഴിൽ വകുപ്പ് പ്രതിനിധികൾ,
7. RARS– പ്രതിനിധി.

## ഉപസമിതി

പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി : നോഡൽ ഓഫീസർ

അംഗങ്ങൾ

1. മെഡിക്കൽ ഓഫീസർ,
2. എഞ്ചിനിയർ,
3. കൃഷി ഓഫീസർ,
4. കാലാവസ്ഥ വ്യതിയാനത്തിനും ദുരന്ത നിവാരണത്തിനുമായുള്ള വർക്കിങ്ങ് ഗ്രൂപ്പിലെ അംഗങ്ങളിൽ നിന്നും മോണിറ്ററിങ് സമിതി നിർദ്ദേശിക്കുന്ന മറ്റ് അംഗങ്ങൾ ഉൾപ്പെടെ 7 പേർ.

**ചുമതല**

ആക്ഷൻ പ്ലാൻ തയ്യാറാക്കാനും കാലാനുസൃതമായി അവ പുതുക്കുന്നതിനും, ആക്ഷൻ പ്ലാൻ മുന്നോട്ട് വെക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമാണ് ഉപസമിതി. തയ്യാറെടുപ്പ്, ബോധവൽക്കരണ ക്യാമ്പയിൻ, മുന്നറിയിപ്പ്, ദുരന്ത പ്രതികരണം, ഹ്രസ്വകാല പദ്ധതികൾ, ദീർഘകാല പദ്ധതികൾ തുടങ്ങിയ പ്രവർത്തനങ്ങളുടെ ചുമതലകൾ മുൻകൂട്ടി നിശ്ചയിച്ച് അവ മേൽനോട്ട സമിതിയെ അറിയിക്കേണ്ടതും പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനിൽ രേഖപ്പെടുത്തേണ്ടതുമാണ്.

**ഉപദേശക സമിതി**

മേൽനോട്ട സമിതി നിർദ്ദേശിക്കുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഉപദേശക സമിതി ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടായിരിക്കും.

**വിവിധ വകുപ്പുകളുടെ ചുമതലകൾ**

പഞ്ചായത്തിലെ  വിവിധ സർക്കാർ വകുപ്പുകളുടെ സേവനവും ഏകോപനവും ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾക്ക്  അവശ്യമാണ്. സമയബന്ധിതമായി ആശ്വാസ നടപടികൾ കൈക്കൊള്ളാനും അവ ഫലപ്രദമായി നടപ്പിലാക്കുന്നു എന്നും ഉറപ്പു വരുത്തേണ്ടതുണ്ട്. മാത്രമല്ല പഞ്ചായത്തിനകത്തെ, കുടുംബശ്രീ സംഘടനാ സംവിധാനം, യുവജനസംഘടനകൾ ,വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, ക്ലബ്ബുകൾ, സിവിൽ സൊസൈറ്റി തുടങ്ങിയ എല്ലാവരുടെയും ഉത്തരവാദിത്വമാണ് ഇത്തരം പ്രവർത്തനങ്ങൾ.  അതുകൊണ്ടുതന്നെ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനവും മേൽ സൂചിപ്പിച്ച പൊതുസമൂഹത്തിന്റെ സന്നദ്ധ പ്രവർത്തങ്ങളും പഞ്ചായത്ത് പ്രദേശത്ത് ഉറപ്പുവരുത്താൻ സാധിക്കണം.

## വിഭവങ്ങളും പ്രതികരണ പ്ലാനും

പഞ്ചായത്തിൽ ഇത്തരം പ്രവർത്തങ്ങൾക്ക് ആവശ്യമായ മനുഷ്യ വിഭവശേഷി ആവശ്യാനുസരണം ഉണ്ട് എന്നത് പ്രാധാന്യമർഹിക്കുന്നു. ഈ

മനുഷ്യവിഭവശേഷിയെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പാകത്തിൽ വിദഗ്ധ പരിശീലനം നൽകാൻ സാധിക്കണം. പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഔദ്യോഗിക സംവിധാനത്തോടൊപ്പം പ്രവർത്തിക്കാൻ സാധിക്കുന്ന ഒരു വളണ്ടിയർ സംവിധാനം വികസിപ്പിച്ചെടുക്കണം.

പഞ്ചായത്തിൽ ഓലാട്ട് പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രി എല്ലാ സൗകര്യങ്ങളും ഉള്ളതാണ്, ഇത്തരം അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ പര്യാപ്തമാണ്. കൂടാതെ പിലിക്കോട് കരപ്പാത്ത് പ്രവൃത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയും, മാണിയാട്ട് പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയും സൗകര്യങ്ങൾ ഉള്ളവയാണ്. പരിശീലനം ലഭിച്ച ആശാവർക്കർമാരും അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ സഹായകമാണ്.

പഞ്ചായത്ത് ഓഫീസിന് സമീപമുള്ള പോലീസ് സ്റ്റേഷനും പഞ്ചായത്തു പ്രദേശത്തിന് സമീപം ഉള്ള അഗ്നിശമനസേനയുടെ ഓഫീസും സൗകര്യങ്ങളും അടിയന്തിര ഘട്ടങ്ങളെ തരണം ചെയ്യാനുള്ള വളരെ പ്രധാനപ്പെട്ട സർക്കാർ സംവിധാനങ്ങളാണ്. പിലിക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക സ്ഥാപനമാണ് റീജിയണൽ അഗ്രിക്കൾച്ചറൽ റിസേർച് സ്റ്റേഷൻ (RARS Pilicode). ഇവിടെയുള്ള കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിന്റെ എല്ലാ സാധ്യതകളും കാലാവസ്ഥ പ്രവചനങ്ങൾ അറിയാനും അതാത് സമയങ്ങളിൽ ജനങ്ങളിലേക്ക് വിവരങ്ങൾ ലഭ്യമാക്കാനും സഹായകമാണ്.

## പ്രതികരണ പ്ലാൻ

ഒരു ഉഷ്ണതരംഗ മുന്നറിയപ്പോ അതല്ലെങ്കിൽ മറ്റേതെങ്കിലും ഉഷ്ണകാല ദുരന്ത സാധ്യത മുന്നറിയിപ്പോ പ്രഖ്യാപിക്കുന്നതോടെ പ്രതികരണ ഘട്ടം ആരംഭിക്കുന്നു. താലൂക്ക് തലത്തിൽ വരെയുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റത്തിന് സമാനമായി ഇത്തരം ഘട്ടങ്ങളിൽ പഞ്ചായത്ത് തലത്തിൽ ഒരോരുത്തരുടേയും ഉത്തരവാദിത്വങ്ങൾ മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കണം. ആളുകളേയും വളർത്തു മൃഗങ്ങളെയും മാറ്റി താമസിപ്പിക്കൽ, വീട്ടുകളിൽ നിന്നും

പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥയിലുള്ളവർക്ക് ആവശ്യമായ ഭക്ഷണം, മരുന്ന്, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ എത്തിക്കൽ പോലുള്ള പ്രവർത്തനങ്ങൾ ഉഷ്ണതരംഗ ഘടങ്ങളിൽ ആവശ്യമായി വന്നേക്കാം. തീപിടിത്തങ്ങൾ നടക്കുമ്പോൾ രക്ഷാ പ്രവർത്തന കാര്യങ്ങൾ.

## ഉഷ്ണകാല ആരോഗ്യ പ്രശ്നങ്ങളുടെ നിരീക്ഷണം.

സൂര്യഘാതം, സൂര്യതാപം, നിർജജലീകരണം മറ്റ് ഉഷ്ണകാല ആരോഗ്യ പ്രശ്നങ്ങളുമായി ചികിത്സ തേടുന്നവരുടെ വിവരശേഖരണം നടത്താൻ ഒരു നിർദ്ദിഷ്ട ഫോറം തീരുമാനിച്ച് നൽകുകയും അത് പഞ്ചായത്ത് പരിധിയിലെ പൊതു- സ്വകാര്യ ആരോഗ്യ സംവിധാനങ്ങളെ കൊണ്ട് കൃത്യമായി ചെയ്യുന്ന ഒരു സിസ്റ്റം രൂപപ്പെടുത്താൻ സാധിക്കണം. ഇത് എല്ലാ ദിവസവും ക്രോഡീകരിച്ച് കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കണം. ഇതിനായി ഗൂഗിൾ ഷീറ്റ് പോലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാം.

## ആക് ഷൻ പ്രോഗ്രാം

ഈ പദ്ധതി ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും അവയുടെ തുകയും താഴെ കൊടുക്കുന്നു.

**ഒന്നാം ഘട്ടം**

1. ലഘുലേഖ / ബ്രോഷർ തയ്യാറാക്കൽ: മാർച്ച് മൂന്നാം വാരം: ( 40,000 രൂപ)
2. ആരോഗ്യ പ്രവർത്തകർക്കുള്ളപരിശീലനം: മാർച്ച് മൂന്നാം വാരം: ( 40,000 രൂപ)
3. പഞ്ചായത്ത് ഭരണ സമിതി, പഞ്ചായത്ത് സ്റ്റാഫ്, അസൂത്രണ സമിതി, കുടുംബശ്രീ CDS ഭരണ സമിതി, കൈമാറി കിട്ടിയ ഘടക സ്ഥാപന മേധാവികൾ, വാർഡ് കൺവീനർമാർ എന്നിവരുടെ യോഗം - ക്യാമ്പെയിൻ ഉൽഘാടനം: മാർച്ച് അവസാന വാരം.
4. സ്കൂൾ സ്പെഷൻ അസംബ്ലി - മാർച്ച് അവസാന വാരം

(മുഴുവൻ സ്കൂളുകളിലും ഒരു ദിവസം വൈകുന്നേരം സ്ക്കൂൾ അസംബ്ലി ).

5. തണ്ണീർ പന്തൽ : എപ്രിൽ ആദ്യ വാരം: ( 1,20,000 രൂപ)
6. തണ്ണീർ പന്തൽ – കുടിവെള്ള വിതരണം: (1,00,000 രൂപ)
7. ബോർഡുകൾ , സ്റ്റിക്കർ – ഇവസ്ഥാപിക്കൽ : എപ്രിൽ ആദ്യ വാരം: ( 40,000 രൂപ)
8. ഹീറ്റ് ക്ലിനിക്: എപ്രിൽ ആദ്യ വാരം: ( 60,000 രൂപ)

9. പ്രത്യേക ഗ്രാമസഭ– ഏപ്രിൽ രണ്ടാം വാരം: (27000 രൂപ)
10. മുന്നറിയിപ്പ് സംവിധാനം ആരംഭിക്കൽ: ഏപ്രിൽ രണ്ടാം വാരം.
11. തീ പിടിത്ത സാധ്യതയുള്ള സ്ഥലങ്ങളിൽ മുൻകരുതൽ : രണ്ടാം വാരം.
12. കുളങ്ങൾ,തോടുകൾ– ശുചിയാക്കൽ: ഏപ്രിൽ മൂന്നാം വാരം: (1,00,000 രൂപ)
13. കുടിവെള്ള കിയോസ്ക്കുകൾ: ഏപ്രിൽ അവസാന വാരം: ( 2,00,000 രൂപ)
14. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വൃക്ഷതൈകൾ (മാവ്, പ്ലാവ്, പുളി, ഞാവൽ) വെച്ചുപിടിപ്പിക്കുന്ന പ്രവർത്തനം: ജൂൺ 5 മുതൽ: (1,00,000 രൂപ)

**ഒന്നാം ഘട്ടത്തിൽ ആവശ്യമായ തുക: 7,47,000 രൂപ**

**രണ്ടാംഘട്ട പ്രവർത്തനം**

കാലിക്കടവ് ടൗൺ ഹരിതാഭമാക്കൽ, മട്ടുപ്പാവിൽ കൃഷി, കിണർ ചാർജ്, പഞ്ചായത്തിൽ മോഡൽ കൂൾ റൂഫിന്റെ നിർമാണം, പച്ചത്തുരുത്തുകളുടെ നിർമാണം– തുടങ്ങിയവ.

ബാക്കിയുള്ള എല്ലാ പ്രവർത്തനങ്ങളും മൂന്നാം ഘട്ട പ്രവർത്തനം ആയി കണക്കാക്കാം. ഉപസമിതിയുടെ നിർദ്ദേശ പ്രകാരം ആവശ്യമായ മാറ്റങ്ങൾ വരുത്താൻ മേൽനോട്ട സമിതിക്ക് അധികാരമുണ്ടായിരിക്കും.

## ഉപസംഹാരം

മറ്റ് പ്രകൃതി ദുരന്തങ്ങളെ അപേക്ഷിച്ച് നമുക്ക് അത്രക്ക് പരിചയമല്ലാത്തതും എന്നാൽ ദൂരവ്യാപകമായ വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ ദുരന്ത സാധ്യതകൾ ആണ് ചൂട് വർധിക്കുന്നത് മൂലമുണ്ടാകുമെന്ന് പ്രവചിക്കപ്പെടുന്നത്. അത് കൊണ്ട് തന്നെ ദീർഘവീക്ഷണ ത്തോടും ഉൾക്കാഴ്ചയോടേയും ഉള്ള സമീപിക്കേണ്ടതും എല്ലാ അർഥത്തിലും തയ്യാറാകേണ്ടതും അനിവാര്യമാണ്. നമ്മുടെ സമൂഹത്തെ അതിജീവന ശേഷിയുള്ള ഒരു സമൂഹമായി മാറ്റുന്ന ഈ ഹീറ്റ് ആക്ഷൻ പ്ലാൻ നമ്മുടെ പഞ്ചായത്തിൻറെ  സുസ്ഥിര വികസന ലക്ഷ്യങ്ങളും ദുരന്ത ലഘൂകരണ ശേഷി വർധിപ്പിക്കുന്നതിനായുള്ള  കാഴ്ചപ്പാടുകളും മുന്നോട്ട് വെക്കുന്നതാണ്.